**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1174** **18-09-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ സമ്പൂർണമായി കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ സമ്പൂർണമായും കുടിവെള്ളം എത്തിക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ സമ്പൂർണ്ണ കുടിവെള്ളം എത്തിക്കുന്നതിനായ് അമൃത് പദ്ധതി മുഖേന 7500 കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും, 3000 കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും നടന്നു വരുന്നു. 500 കണക്ഷനുകൾ നൽകുന്ന പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 33 കി.മീ. ദൈർഘ്യത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി നടന്നു വരുന്നു.<br><br>ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണവും, നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 299.311 കോടി രൂപയുടെ ഭരണാനുമതി 24.04.2023 തീയതിയിൽ നൽകിയിട്ടുണ്ട്.<br><br>ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ 7 ഉന്നതതല ജലസംഭരണികളും, 2.8 കി.മി (മാരാരിക്കുളം തെക്ക്), 6.5 കി.മി (മണ്ണഞ്ചേരി), 0.62 കി.മി (ആര്യാട്) ട്രാൻസ്മിഷൻ മെയിനും580 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതിയിൽ നിലവിൽ 9 പാക്കേജുകളാണ് ഉള്ളത്. ഇതിൽ 6 പാക്കേജുകളാണ് ആലപ്പുഴ നിയോജക മണ്ഡലത്തിൽ നടന്നു വരുന്നത്. ഭരണാനുമതി തുകയിൽ 214.6 കോടി രൂപയുടെ പ്രവർത്തികളാണ് ആലപ്പുഴ നിയോജക മണ്ഢലത്തിൽ നടന്നുവരുന്നത്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ 374518 ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.<br><br>കൂടാതെ, ആലപ്പുഴ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ആര്യാട്, മാരാരിക്കുളം തെക്ക്, മണ്ണഞ്ചേരി പഞ്ചായത്തുകളിൽ നടന്നു വരുന്ന |

| | | | |
|---|---|---|---|
| | | | ജലജീവൻ മിഷൻ പദ്ധതിയുടെ വിശദ വിവരങ്ങൾ അനുബന്ധം-1ആയി ചേർക്കുന്നു. |
| (ബി) | കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ ഓരോ ഘട്ടത്തിന്റെയും പുരോഗതിയെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണവും, നവീകരണത്തിനും വേണ്ടിയുള്ള കിഫ്ബി പദ്ധതിയിൽ നിലവിൽ 9 പാക്കേജുകളാണ് ഉള്ളത്. ഇതിൽ പാക്കേജ് -1, 3, 4, 5, 6, 7 എന്നീ 6 പാക്കേജുകളാണ് ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഉള്ളത്.<br><br>**<u>പാക്കേജ് 1</u>** - ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ചാത്തനാട് 16 LL സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും, 5 LL സംഭരണ ശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും, വടികാട് ഭാഗത്ത് 16 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും, 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും, മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ (കാട്ടൂർ) 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും, 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും, ഇതിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (2.6 കി.മീ.) ഉം അനുബന്ധ മോട്ടോറുകളും പമ്പുകളും കൂടാതെ ഓപ്പറേറ്റർമാർക്കുള്ള ക്വാർട്ടേഴ്സും, കലവൂർ സർവ്വോദയപുരം ഭാഗത്തെ റെയിൽവേ ക്രോസ്സിംഗും ഈ പാക്കേജിൽ ഉൾപ്പെടുന്നു. പ്രവർത്തി 95% പൂർത്തീകരിച്ചു. റയിൽവേ ക്രോസ്സിംഗിന് 02.04.2024 ന് അനുമതി ലഭിച്ചു. മഴ കാരണം നിലവിൽ വെള്ളം നിൽക്കുന്ന അവസ്ഥയിൽ ആയതിനാൽ പ്രവൃത്തി നടത്തുന്നതിനുവേണ്ട caution sanction റയിൽവേയിൽ നിന്ന് ലഭ്യമായിട്ടില്ല. വടികാട്, ചാത്തനാട്, കാട്ടൂർ ജലസംഭരണികൾ നിലവിലെ വിതരണ ശൃംഖലയിലേക്ക് ഇന്റർ കണക്ട് ചെയ്ത് കമ്മീഷൻ ചെയ്ത് ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**<u>പാക്കേജ് 3</u>**- മണ്ണഞ്ചേരി പഞ്ചായത്തിൽ 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും, 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും, ഇവയിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും (6.5 കി.മി), അനുബന്ധ മോട്ടോറുകളും പമ്പുകളും 103 കി.മി ശൃംഖലകളുടെ വിപുലീകരണവും ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു. പൈപ്പുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2026 ഫെബ്രുവരി മാസം വരെയാണ് പൂർത്തീകരണ കാലാവധി.<br><br>**<u>പാക്കേജ് 4</u>** - ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കൊമ്മാടി ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 1 (വാർഡുകൾ 1, 2, 46, 47, 49, 50, 51, 52) ലേക്കുള്ള വിതരണ ശൃംഖലയും, (93 കി. മീ.) റെയിൽവേ ക്രോസ്സിംഗും (2 Nos. മംഗലം, മാളികമുക്ക്) ഈ പാക്കേജിൽ ഉൾപ്പെടുന്നു. പ്രവൃത്തി പുരോഗമിക്കുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. 2026 ഫെബ്രുവരി മാസം വരെയാണ് പൂർത്തീകരണ കാലാവധി.<br><br>**<u>പാക്കേജ് 5</u>** - മാരാരിക്കുളം തെക്ക് വിതരണ ശൃംഖലയുടെ (101 കി.മീ.) നവീകരണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടെണ്ടർ നടപടികൾക്ക് ശേഷം M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റിക്ക് പ്രവൃത്തി ഉത്തരവ് 14.01.2025 -ൽ നൽകി. പൈപ്പ് വിതരണം ചെയ്തു. മെയ് 2026 വരെയാണ് പൂർത്തീകരണ കാലാവധി.<br><br>**<u>പാക്കേജ് 6</u>** - ആര്യാട് പഞ്ചായത്തിൽ 9 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണിയും 19 കി.മി വിതരണ ശൃംഖലയും 620 മി. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുമാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രവൃത്തി പുരോഗമിക്കുന്നു. ജലസംഭരണികളുടെ നിർമ്മാണ പ്രവൃത്തിയിൽ പൈലിംഗ് പ്രവൃത്തികൾ നടന്നു വരുന്നു. ജലവിതരണക്കുഴലുകൾ സ്ഥാപിക്കുന്നതിനു വേണ്ട പൈപ്പുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. 2026 സെപ്റ്റംബർ മാസം വരെയാണ് പൂർത്തീകരണ കാലാവധി.<br><br>**<u>പാക്കേജ് 7</u>**- ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ചാത്തനാട് ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 2 (വാർഡ് - 3,4,21,22,48) ലേക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയാണ് (74.82കി.മീ.) ഈ പാക്കേജിൽ ഉൾപ്പെടുന്നത്. പ്രവൃത്തി പുരോഗമിക്കുന്നു. മെയ് 2026 വരെയാണ് പൂർത്തീകരണ കാലാവധി. |
| (സി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് വേണ്ടുന്ന സമയം, ചിലവഴിക്കുന്ന തുക എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (സി) | കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ ഓരോ ഘട്ടത്തിനും ചെലവഴിക്കുന്ന തുക, പൂർത്തികരിക്കാൻ ഉദ്ദേശിക്കുന്ന തീയതി എന്നിവ അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**ജലജീവൻ മിഷൻ പദ്ധതി**

| ക്രമ നം | പഞ്ചായത്ത് | നൽകാനുള്ള കണക്ഷനുകളുടെ എണ്ണം | നൽകിയ കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷം) | സാങ്കേതിക അനുമതി തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | ആര്യാട് | 3967 | 195 | 678.3 | 649.7 | ബാക്കിയുള്ള കണക്ഷൻ നൽകണമെങ്കിൽ കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന വിതരണ ശൃംഖലയുടെ പ്രവർത്തി പൂർത്തീകരിക്കേണ്ടതുണ്ട്. |
| 2 | മാരാരിക്കുളം തെക്ക് | 7496 | 4400 | 1251.8 | 1195 | ബാക്കിയുള്ള കണക്ഷൻ നൽകണമെങ്കിൽ കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന വിതരണ ശൃംഖലയുടെ പ്രവർത്തി പൂർത്തീകരിക്കേണ്ടതുണ്ട്. |
| 3 | മണ്ണഞ്ചേരി | 11213 | 5250 | 1832.3 | 1773.7 | ബാക്കിയുള്ള കണക്ഷൻ നൽകണമെങ്കിൽ കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന വിതരണ ശൃംഖലയുടെ പ്രവർത്തി പൂർത്തീകരിക്കേണ്ടതുണ്ട്. |

**അനുബന്ധം-2**

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | പാക്കേജ് | ചെലവഴിക്കുന്ന തുക | പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|---|---|---|
| 1 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണവും, നവീകരണവും | പാക്കേജ് - 1 | 22.83 കോടി രൂപ | പൂർത്തീകരിച്ചു. |
| 2 | | പാക്കേജ് - 3 | 49.32 കോടി രൂപ | 02.03.2026 |
| 3 | | പാക്കേജ് - 4 | 47.01 കോടി രൂപ | 12.02.2026 |
| 4 | | പാക്കേജ് - 5 | 36.58 കോടി രൂപ | 23.01.2026 |
| 5 | | പാക്കേജ് - 6 | 21.53 കോടി രൂപ | 11.09.2026 |
| 6 | | പാക്കേജ് - 7 | 36.37 കോടി രൂപ | 02.05.2026 |